മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് അങ്ങിനെ ഒരു പ്രോവ്യമാണോ?

മിസ്റ്റർ പി. കെ. ഡീവർ: നമ്മുടെ ഗവണ്മെണ്ടിനു് അധികാരമുണ്ടോ, ഇല്ലയോ എന്നു് അറിയുവാനാണു് ചോദിക്കുന്നതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മന്ത്രിമാരുടെ ഉപദേശപ്രകാരമാണു് മഹാരാജാവു തീരുമനസ്സുകൊണ്ടു്, കായ്ങ്ങളിൽ തീരുമാനമെടുക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം രാജിവെയ്ക്കാൻ നിശ്ചയിതനായതോ അല്ലെങ്കിൽ സ്വമേധയാ രാജിവെച്ചതൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് നോട്ടിസുകൂടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ രാജികത്തിലെ വിവരങ്ങൾ എന്താണെന്നറിയാമോ?

Mr President: That is a hypothetical question.

മിസ്റ്റർ എം. ഐ. പോൾ: അദ്ദേഹത്തെ രണ്ടാമതു് നിയമിക്കാൻ ആലോചനയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. അങ്ങിനെ ഒരു പ്രശ്നം ആവിർഭവിച്ചിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ ചോദ്യം കിട്ടിയതിന്റെ ശേഷം രാജികത്തിലെ വിവരങ്ങൾ അറിയുവാൻ വല്ല നടപടിയും എടുത്തുവോ?

(ഉത്തരമില്ല.)

മിസ്റ്റർ കെ. കരുണാകരൻ: രാജികത്തിലെ വിവരങ്ങൾ അറിഞ്ഞു്, ഈ സഭ അവസാനിക്കുന്നതിനുമുമ്പു്, ഈ സഭയെ അറിയിക്കുവാൻ ദയവുണ്ടാകുമൊ?

Mr. President: What is the Hon'bile Member's question?

Mr. P. K. Dewer: The qestion is whether it would be possible for Government to furnish that information.

Mr. President: What is the question that the Hon'ble Member has put?

മിസ്റ്റർ കെ. കരുണാകരൻ: രാജികത്തിൽ പ്രസ്ഥാവിച്ചിട്ടുള്ള കാര്യങ്ങൾ അനേഷിച്ചു്, ഈ സഭ അവസാനിക്കുന്നതിനു മുമ്പു്, സഭയെ അറിക്കുവാൻ സാധിക്കുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

Mr. President: I think it is simply a method of avoiding that, giving a suggestion under the cover of a verbal change.

BRIDGE CONNECTING ERNAKULAM AND VYPEEN—SCHEME REGARDING

93. (89) ഡോക്ടർ (മിസ്സിസ്സ്) ടി. ഫ്രാൻസിസ്സ്:താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സഭയെ മറുപടി പറയുമോ.—

(എ) എറണാകുളം നഗരത്തെ വൈപ്പിൻ കരയോടു യോജിപ്പിക്കത്തക്കവിധത്തിലുള്ള പാലങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി ഏതു സ്ഥിതിയിൽ എത്തിയിരിക്കുന്നു;

(ബി) അതു ശരിയാകുന്നതിനു ഏത്ര സമയം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) പ്ലാൻ, എസ്റ്റിമേറു് മുതലായവ തയ്യാറാക്കിവരുന്നുണ്ടു്.

(ബി) മുൻ ചോദ്യത്തിന്റെ ഉത്തരത്തിൽ പറയുന്ന രേഖകൾ തയ്യാറാക്കി ശരിയായി പണി ഏല്പിച്ചു കൊടുക്കുന്നതിനുമുമ്പു് കൃത്യസമയം പറയുവാൻ സാധ്യമല്ല.

ഡോക്ടർ (മിസ്സിസ്സ്) ടി. ഫ്രാൻസിസ്സ്: ഫ്ലഡ് ടൈം-ൽ എങ്കിലും വല്ലതും പ്രവൃത്തിക്കുവാൻ സാധ്യമാകുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു ഒരു വലിയ സംഖ്യ ആവശ്യമുള്ള പദ്ധതിയാണു്. രണ്ടുമൂന്നു പദ്ധതികൾ ഇപ്പോൾ എടുത്തിട്ടുണ്ടു്. ആ സ്ഥിതിക്കു് ഈ പദ്ധതി എപ്പോൾ എടുക്കുവാൻ സാധിക്കുമെന്നു് പറയുവാൻ സാധ്യമല്ല. ഇതിനു് ഡൻ ലക്ഷം ക. യാണു് estimate. ന. ഠലക്ഷം ഉറപ്പികയാളം ഈ scheme ൽ നിന്നു് നമുക്കു് പിരിച്ചെടുക്കുവാനും സാധിക്കും. ഇറിഗേഷനെ സംബന്ധിച്ചും Electricity യെ സംബന്ധിച്ചും വലിയ പദ്ധതികൾ നാം എടുത്തിട്ടുള്ളതുകൊണ്ടു് ഇതിന്റെ കാര്യം എപ്പോൾ എടുക്കുവാൻ സാധിക്കുമെന്നു പറയുവാൻ സാധ്യമല്ല.

മിസ്റ്റർ എം. ഐ. പോൾ: തിരിച്ചുകിട്ടുമെന്നു പറഞ്ഞതു് എങ്ങിനെയാണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അതു് നികത്തുന്ന ഭൂമി വിറ്റാൽ കിട്ടുന്നസംഖ്യയാണ്.

Mr. President: Questions numbers 94 and 98 may be taken together.

A.C. S. M. S. T, A. CRANGANUR—MEMORIAL REGARDING

94. (202) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the All Cochin Staff Managed School Teachers' Association, Cranganur, submitted a memorial to the Hon'ble Minister for Education and Public Health on 23rd Thulam 1124;

(*b*) if so, what are the orders passed on their representations summarised in the 5 points raised by them in the last portion of the memorial?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes.

(*b*) No orders have been passed. The matter is being considered by Government.

MEMORANDUM SUBIMTTED BY S. M. S. T. ASSOCIATION—PARTICULARS OF

98. (268) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സഭയം മറുപടി പറയുമോ.—

(എ) സ്റ്റാഫ് മാനേജ്മെണ്ടു് സ്കൂൾ അദ്ധ്യാപകസംഘത്തിൽനിന്നു് [illegible] ലാം വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ആരോഗ്യ വിദ്യാഭ്യാസമന്ത്രി അവർകൾക്കു് ഒരു മെമ്മോറാണ്ടം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ആ മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുള്ള അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണു്;

(സി) അവ ഗവൺമെണ്ടിന്റെ പരിശോധനയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ഉവ്വു്.

(ബി) മെമ്മോറാണ്ടം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉവ്വു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: Staff Management School-ൽ അദ്ധ്യാപകന്മാർക്കു് മുഴുവൻ ശമ്പളവും കിട്ടുന്നുണ്ടോ എന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: കിട്ടുന്നുണ്ടെന്നാണു് വിചാരിക്കേണ്ടതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ വകയ്ക്കായിട്ടു് പ്രത്യേകമായ വല്ല ഫണ്ടോ മറ്റോ ഉള്ളതായിട്ടറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: ഏതെങ്കിലും ഒരു പ്രത്യേക School നെ പറ്റിയാണെങ്കിൽ അന്വേഷിച്ചു പറയാം. പൊതുവെ ചോദിച്ചാൽ മറുപടിപറയുവാൻ വിഷമമാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ സ്കൂളുകൾ Staff Management ൽ വരുവാൻ കാരണമെന്താണെന്നു് ഗവൺമെണ്ടിനു് അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: അതൊരു development ആണു്. അതിന്റെ പഴയ കാരണങ്ങൾ വേണമെങ്കിൽ പറയാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മാനേജർക്കു് നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലാതെ വന്നപ്പോൾ അദ്ധ്യാപകന്മാർ തന്നെ ഏറ്റെടുക്കുകയല്ലേ ഉണ്ടായതു്?

മിസ്റ്റർ സി. എ. ഔസേപ്പു്: അദ്ധ്യാപകന്മാരും മാനേജർമാരും തമ്മിൽ സ്വരച്ചേർച്ചയില്ലാതായിട്ടു് അദ്ധ്യാപകന്മാർ ഏറ്റെടുത്തിട്ടുള്ള സ്കൂളുകളാണു് ഇവയെന്നറിയാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സ്വരച്ചേർച്ചയില്ലാതെ ഏറ്റെടുക്കുമ്പോൾ ആ സ്കൂളിനു് വല്ല ഫണ്ടും കൊടുക്കാറുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്: ഫണ്ടു് ഉണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മനേജർമാരെ പറ്റിയുള്ള ആക്ഷേപം അദ്ധ്യാപകന്മാക്കു് ശമ്പളം കൊടുക്കുന്നില്ലെന്നായിരുന്നു. ഇപ്പോൾ അവക്കു് ശരിയായി ശമ്പളം കിട്ടുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്: Staff Management School ൽ അദ്ധ്യാപകന്മാർ തന്നെയാണു് ശമ്പളംകൊടുക്കുന്നതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവൺമെണ്ടിൽ നിന്നുകിട്ടുന്ന ഗ്രാന്റിൽ സ്കൂളിന്റെ മറ്റു ചിലവുകളെല്ലാം നടത്തി ബാക്കിയുള്ള സംഖ്യ ശമ്പളമായി അദ്ധ്യാപകന്മാർ വീതിച്ചു് എടുക്കുകയല്ലെ ചെയ്യുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly